ന്നുവരാം. അല്ലെങ്കിൽ ഇതര രാഷ്ട്രീയ പാർട്ടികളെ പോലെ തന്നെ മുദ്രാവാക്യങ്ങളിൽ ജനകീയവും പ്രവർത്തനങ്ങളിൽ മൂലധന സേവയും എന്ന പരിമിതിയിലൂടെ കടന്നുപോയി വ്യവസ്ഥയുടെ അനുബന്ധമായി മാറിയെന്നും വരാം. സുതാര്യത, കാര്യക്ഷമത തുടങ്ങിയ മുദ്രാവാക്യങ്ങൾ കോർപ്പറേറ്റ് ലോകത്തിനും വളരെ പ്രിയങ്കരമാണെന്ന് ഓർക്കുന്നത് നല്ലതാണ്.

എ.എ.പിയിൽ ആരെല്ലാം വരുന്നു, ആരാണ് അതിന്റെ രാഷ്ട്രീയ നയങ്ങൾ തീരുമാനിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ ഇനിയും വ്യക്തമായിട്ടില്ലാത്തതിനാൽ അതിന്റെ ഭാവിയെക്കുറിച്ച് പ്രവചനം നടത്തുക എളുപ്പമല്ല. സാമൂഹിക വ്യവസ്ഥയെക്കുറിച്ചും രാഷ്ട്രീയമായ നീതിയെക്കുറിച്ചും മനുഷ്യർക്കിടയിൽ വ്യാപകമാകുന്ന ഉണർവുകളായിരിക്കും വിപ്ലവകരമായ സാമൂഹികമാറ്റങ്ങൾക്ക് വഴിയൊരുക്കുക. നൈജീരിയൻ സ്ത്രീകൾക്കെതിരെ ദില്ലിയിൽ നിയമമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന വിഭാഗീയമായ അതിക്രമങ്ങൾ ജനഹിത രാഷ്ട്രീയത്തിന്റെ പൊള്ളത്തരം വെളിവാക്കുന്നതാണ്. യഥാർത്ഥമായ ജനാധികാരമെന്നത്, ഓരോ അണുവിലും നീതിയെ എല്ലാത്തരം വിഭാഗീയതകൾക്കും അതീതമായി ഉയർത്തിപ്പിടിക്കുന്ന മാനവികതയാണെന്ന രാഷ്ട്രീയമായ തിരിച്ചറിവ് ഇനിയും വികസിക്കപ്പെടേണ്ടതുണ്ട്. സാമൂഹികമായ അനീതികൾ തുടച്ചുനീക്കുന്ന വ്യക്തമായ കാര്യപരിപാടികളില്ലെങ്കിൽ 'ഞാൻ അണ്ണയാണ്' എന്ന എഴുത്ത് മാഞ്ഞുപോയ വേഗത്തിൽ തന്നെ 'ആം ആദ്മി'യും അപ്രത്യക്ഷമാകും. ■

# സാമ്പത്തികനയങ്ങൾ ഭാവിയെ നിർണ്ണയിക്കും

**മുഹമ്മദ് ഇർഷാദ്**

(അധ്യാപകൻ, റ്റാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്)

**ജയപ്രകാശ്** നാരായണൻ നേതൃത്വം നൽകിയ പ്രസ്ഥാനത്തെയാണ് ആം ആദ്മി പാർട്ടി ഓർമ്മിപ്പിക്കുന്നത്. ഏറെ രാഷ്ട്രീയ മുദ്രാവാക്യങ്ങൾ ഉന്നയിച്ചെങ്കിലും പ്രത്യക്ഷത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയുമായും ജെ.പി പ്രസ്ഥാനം കൈകോർത്തിരുന്നില്ല. 'സമ്പൂർണ്ണവിപ്ലവം' എന്ന പദം അതി പ്രധാനമായ ഒരു രാഷ്ട്രീയ സംജ്ഞയാണ് അന്നും ഇന്നും. ലാലുപ്രസാദ് യാദവിനെപ്പോലെയുള്ള ചില യുവനേതാക്കളെ രാഷ്ട്രീയധാരയിലെത്തിക്കാൻ കഴിഞ്ഞു എന്നതിനപ്പുറം പാർലമെന്ററി ജനാധിപത്യത്തിലെ നയതന്ത്രങ്ങളെയും അതിനുമേലുള്ള തത്പരകക്ഷികളുടെ സ്വാധീനത്തെയും ജെ.പി പ്രസ്ഥാനത്തിന് മനസ്സിലാക്കാൻ കഴിയാതെ പോയി. വിരോധാഭാസമെന്നോണം ലാലുപ്രസാദ് യാദവ് തന്നെ അഴിമതിക്കാരനായ രാഷ്ട്രീയക്കാരനായി അധഃപതിക്കുകയും ചെയ്തു.

രാഷ്ട്രീയ പാർട്ടിയായി മാറുന്നതിന് പകരം രാഷ്ട്രീയ ധാർമ്മികതയിൽ അടിയുറച്ചു നിൽക്കുന്ന ഒരു തിരുത്തൽ ശക്തിയായാണ് ജെ.പി പ്രസ്ഥാനം നിലകൊണ്ടത്. എ.എ.പിയുമായി അതിനുള്ള അടിസ്ഥാന വ്യത്യാസവും അതുതന്നെയാണ്. രാഷ്ട്രീയമായും സാമ്പത്തികമായും മറ്റ് രാഷ്ട്രീയ പാർട്ടികളിൽ നിന്നും വ്യത്യസ്തരാണ് തങ്ങൾ എന്ന് തെളിയിക്കേണ്ട ബാധ്യത ഇപ്പോൾ എ.എ.പിക്ക് കൈവന്നിരിക്കുകയാണ്. തെരഞ്ഞെടുപ്പ് വിജയത്തിനായി എ.എ.പി സ്വീകരിച്ച രാഷ്ട്രീയ തന്ത്രം സംശയലേശമന്യേ ഫലപ്രാപ്തിയിലെത്തിയിരിക്കുന്നു. എന്നാൽ ഈ വിജയത്തെ എങ്ങനെ സുസ്ഥിരമായി നിലനിർത്താൻ കഴിയുന്നു എന്ന തന്ത്രജ്ഞതയാണ് നിലവിൽ പ്രധാനം. കോൺഗ്രസിനോ ബി.ജെ.പിക്കോ അത്തരമൊരു പ്രതിസന്ധിയില്ല. കാരണം അവരുടെ പൊതുസാമ്പത്തികനയം അവർ നടപ്പിലാക്കാൻ പോകുന്ന പരിപാടികൾ എന്താണെന്ന് വ്യക്തമാക്കുന്നുണ്ട്. ഇരുകൂട്ടരും വലതുപക്ഷ സാമ്പത്തികനയങ്ങൾ പിന്തുടരുന്നവരും സ്വകാര്യ കോർപ്പറേറ്റ് മേഖലയോട് പൂർണ്ണ യോജിപ്പുള്ളവരുമാണ്.

സ്വകാര്യകച്ചവടക്കാർക്ക് ആം ആദ്മയിടുടെ വിജയം ഒരു തരത്തിലും പരിക്കേൽപ്പിക്കുന്നില്ല. കാരണം പാർലമെന്ററി സമ്പ്രദായത്തിലുള്ള നിലവിലെ പാർട്ടികൾ ഈ സ്ഥാപനങ്ങൾക്ക് മേൽ യാതൊരു നിയന്ത്രണം ഏർപ്പെടുത്താൻ പോകുന്നില്ല. കൂടാതെ,

➪ *വില കുറയ്ക്കുന്നതുകൊണ്ട് ഏറ്റവും വലിയ നഷ്ടമുണ്ടാകാൻ പോകുന്നത് സ്വകാര്യമേഖലയ്ക്കാണ്* ➪

കോൺഗ്രസിനും ബി.ജെ.പിക്കും വോട്ടു ചെയ്തവർ സാമ്പത്തികനയങ്ങളിൽ വലിയ ഭേദഗതികളൊന്നും പ്രതീക്ഷിക്കുന്നുമില്ല. അതിനാൽത്തന്നെ ഭരണനിർവ്വഹണത്തെക്കുറിച്ച് അവർക്ക് വലിയ വേവലാതികളുമില്ല.

തങ്ങളുടെ പക്ഷം ഇടതാണോ വലതാണോ എന്ന് എ.എ.പി വ്യക്തമാക്കിയിട്ടില്ലെങ്കിലും കമ്പോളത്തിന്റെ പ്രത്യയശാസ്ത്രത്തെ നേരിടാനുള്ള പ്രാപ്തിയുണ്ടോ എന്നതാണ് ഇപ്പോൾ അവർക്ക് മുന്നിലുള്ള പ്രധാന വെല്ലുവിളി. പ്രത്യശാസ്ത്രപരമായ നിലപാട് എന്താണ് എന്നതിനേക്കാൾ നിലവിൽ പ്രധാനം സാമ്പത്തികനയങ്ങളോടുള്ള എ.എ.പിയുടെ സമീപനമാണ്. സാമ്പത്തികനയം പ്രധാനമാണെന്ന് ഇടതുപാർട്ടികൾ നാളുകളായി പറയുന്നുണ്ടെങ്കിലും അവർ സ്വീകരിച്ച നയം എന്താണെന്ന് ഇതുവരെ പൊതുസമൂഹത്തിന് മുന്നിൽ ബോധ്യപ്പെടുത്താൻ ഇടതുപക്ഷത്തിന് കഴിഞ്ഞിട്ടില്ല, 35 വർഷം ഭരിച്ച പശ്ചിമബംഗാളിൽ പോലും. എന്നാൽ എ.എ.പി ഈ വെല്ലുവിളി ഏറ്റെടുക്കുമെന്ന പ്രതീക്ഷയിലാണ് വോട്ടർമാർ. അവശ്യസാധനങ്ങളുടെ വില നിയന്ത്രണം, ശുദ്ധജല വിതരണം, വൈദ്യുതിരംഗം, അഴിമതി തടയൽ തുടങ്ങിയ മേഖലകളാണ് എ.എ.പി ഇപ്പോൾ പരിഷ്കരണ പരിപാടികൾക്കായി ഏറ്റെടുത്തിരിക്കുന്നത്. നമ്മുടെ സാമൂഹിക സംവിധാനത്തിൽ അഴിമതി എന്നത് കേവലമൊരു രോഗ ലക്ഷണമായതിനാൽ ജനലോക്പാൽ മാത്രമാണോ ഒരു പോവഴി എന്നും എ.എ.പി പുനരാലോചിക്കണം.



സർക്കാർതലത്തിലെ മാത്രം ഇടപെടലിലൂടെ മാർക്കറ്റ് വിലയെ എത്രകാലം നിയന്ത്രിക്കാൻ കഴിയും? വില കുറയ്ക്കുക എന്നത് ഒരു പ്രധാന രാഷ്ട്രീയ പരിപാടിയായി തന്നെയാണ് എ.എ.പി മുന്നോട്ട് വച്ചിട്ടുള്ളത്. വില കുറയ്ക്കുന്നതുകൊണ്ട് ഏറ്റവും വലിയ നഷ്ടമുണ്ടാകാൻ പോകുന്നത് സ്വകാര്യമേഖലയ്ക്കാണ്. അവരാണ് വിലയക്കയറ്റത്തിന്റെ പ്രധാന ഗുണഭോക്താക്കൾ. വിലയക്കയറ്റത്തിന് എതിരായതിനാൽ തന്നെ എ.എ.പിയുടെ ഈ നിലപാട് ഇന്ത്യയിലെ ഒരു മുന്നണിയോടും പാകപ്പെടുന്നതല്ല. അതുതന്നെയാണ് അവർ അഭിമുഖീകരിക്കുന്ന രാഷ്ട്രീയ പ്രതിസന്ധിയും. കമ്പോളത്തെ നേരിടുന്നതിനായി കൊക്കൈള്ളുന്ന നിലപാടുകൾ എന്താണെന്നതിന് അനുസരിച്ചാണ് എ.എ.പിയുടെ ഭാവി എന്ന് പയുന്നത് അതുകൊണ്ടാണ്. നിർണ്ണായകമായ ഈ വിഷയത്തിൽ എ.എ.പി ഇനിയും നിലപാട് വ്യക്തമാക്കിയില്ലെങ്കിൽ അവർ ഒരു എൻ.ജി.ഒ മാത്രമായി മാറും.

ഇന്ത്യയെപ്പോലെ ഒരു ദരിദ്രരാജ്യത്ത് രാഷ്ട്രീയ അഴിമതി വളരെ വേഗം ജനശ്രദ്ധയാകർഷിക്കുന്ന വിഷയമാണ്. രാഷ്ട്രീയ പാർട്ടികളൊന്നും അഴിമതിയിൽ നിന്നും മുക്തവുമല്ല. അഴിമതിയുടെ പേരിൽ കോൺഗ്രസിനോ ബി.ജെ.പിക്കോ പരസ്പരം ചോദ്യം ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. എഴുപതുകളിൽ ജെ.പി പ്രസ്ഥാനത്തെയും ഇന്ന് എ.എ.പിയെയും സൃഷ്ടിച്ചതിൽ ഇതൊരു പ്രധാനഘടകമാണ്. ദേശീയമായി തന്നെ സ്വീകാര്യതയുണ്ടായിരുന്നതിനാൽ ജെ.പി പ്രസ്ഥാനത്തിന് തങ്ങളൊരു ദേശീയ പ്രസ്ഥാനമാണെന്ന് തെളിയിക്കേണ്ട ബാധ്യതയുണ്ടായിരുന്നില്ല. എന്നാൽ എ.എ.പിയുടെ മേൽ ഇപ്പോൾ ആ സമ്മർദ്ദമുണ്ട്. നിലവിലെ സാമ്പത്തികനയങ്ങൾക്ക് ബദലായി എന്തെങ്കിലും ചെയ്യാനുള്ള അവസരമാണ് അവർക്ക് ദില്ലിയിൽ കൈവന്നിരിക്കുന്നത്. ദേശീയതലത്തിൽ സിവിൽസമൂഹ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്താനുള്ള ശക്തിയും അവർ പ്രകടിപ്പിക്കുമെന്ന് പ്രതീക്ഷിക്കാം.

ഫലപ്രദമായ ഭരണനിർവ്വഹണത്തിന് ലാളിത്യവും കണക്കുകൾ സൂക്ഷിക്കുന്നതിലെ കൃത്യതയും മാത്രം മതിയാകില്ല എന്നത് എ.എ.പിക്കാർ മനസിലാക്കേണ്ടതുണ്ട്. ബദൽ സാമ്പത്തിക നയമില്ലാതെ, വ്യാജവ്യക്തിത്വം നിർമ്മിച്ചുകൊണ്ടിരിക്കുന്ന വർഗ്ഗീയ നേതൃത്വങ്ങളെ തുറന്നുകാട്ടുന്ന ഒരു പാർലമെന്ററി ശക്തിയാകാതെയും എ.എ.പിക്ക് മുന്നോട്ട് പോകില്ല. *(കടപ്പാട്: കൗണ്ടർകറന്റ്സ്, പരിഭാഷ: അജിതൻ)* ■